# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## സ്കൂൾതലം

# ഉള്ളടക്കം


* അടിസ്ഥാന വിവരങ്ങൾ
* ആമുഖം
* അടിസ്ഥാന സൗകര്യങ്ങൾ
* ജൈവ വൈവിധ്യ പാർക്ക്
* അക്കാദമിക പഠന പ്രവർത്തനങ്ങൾ
* മോണിട്ടറിംഗ് സംവിധാനം
* ഉപസംഹാരം

# പേരൂർ സൗത്ത് ഗവ: എൽ പി സ്കൂൾ

പേരൂർ പി ഒ, കോട്ടയം - 686637

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | പേരൂർ സൗത്ത് ഗവ: എൽ പി സ്കൂൾ |
| ജില്ല | : | കോട്ടയം |
| വിദ്യാഭ്യാസ ജില്ല | : | പാല |
| വില്ലേജ് | : | പേരൂർ |
| മുനിസിപ്പാലിറ്റി | : | ഏറ്റുമാനൂർ |
| വാർഡ് | : | 18 |
| പോസ്റ്റ് ഓഫീസ് | : | പേരൂർ |
| ബി ആർ സി | : | ഏറ്റുമാനൂർ |
| സി ആർ സി | : | ഏറ്റുമാനൂർ |
| പ്രധമാധ്യാപിക | : | ലീനാ മാത്യു |
| ഫോൺ | : | 9495637758 |
| ഇ മെയിൽ | : | peroorglps@gmail.com |
| സ്കൂൾ കോഡ് | : | 31407 |

# ആമുഖം / ചരിത്രം

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിൽ 18ാം വാർഡിൽ പേരൂരിന്റെ തെക്കുവശത്ത് മീനച്ചിലാറിന്റെ തീരത്ത് പേരൂർ സൗത്ത് ഗവ: എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നു. ഏറ്റുമാനൂരപ്പന്റെ തിരു ആറാട്ട് ഈ സ്കൂളിന് മുൻവശത്താണ്.

നാട്ടിലെ എല്ലാ വിഭാഗത്തിലും പെട്ട വിദ്യാർത്ഥികൾക്ക് സമഭാവനയോടെ സഹവസിക്കുവാനും പ്രാഥമിക വിദ്യാഭ്യാസം നടത്തുവാനും വേണ്ട സൗകര്യമൊരുക്കുവാൻ മുൻകൈയെടുത്തത് ശ്രീ. ജയിംസ് വെള്ളാപ്പള്ളിയായിരുന്നു. അദ്ദേഹത്തിന്റെ മഹാമനസ്കതയാണ് ഈ വിദ്യാലയത്തിനാവശ്യമായ സ്ഥലം നൽകുവാൻ കാരണമായത്. 1962ൽ ഈ വിദ്യാലയം സ്ഥാപിതമായി. 2010 മുതൽ PTA യുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി വിഭാഗവും പ്രവർത്തിച്ചു വരുന്നു.

ഈ വർഷം പ്രീ പ്രൈമറി മുതൽ നാലു വരെ ക്ലാസിലായി കുട്ടികളും HM ഉൾപ്പെടെ നാല് അധ്യാപകരും ഇവിടെയുണ്ട്. കൂടാതെ പിടി എം, പ്രീപ്രൈമറി, ആയ എന്നീ ജീവനക്കാരും പ്രവർത്തിക്കുന്നു.

ഇന്ന് സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണിവിടെ പഠിക്കുന്നത്. ഈ പിന്നാക്കാവസ്ഥ എല്ലാം മറികടന്നുകൊണ്ട് ഇവിടുത്തെ കുട്ടികൾ വൈജ്ഞാനിക, കല, സാഹിത്യ, പ്രവൃത്തി മേഖലകളിൽ തങ്ങളുടെ മികവ് തെളിയിച്ചു വരുന്നു.

# അടിസ്ഥാന സൗകര്യങ്ങൾ

- ആവശ്യത്തിന് ക്ലാസ് മുറികൾ
- കുട്ടികളുടെ ശാരീരിക, മാനസിക, കായിക ഉല്ലാസത്തിനായി കളിസ്ഥലം
- വിശാലമായ സ്കൂൾ ലൈബ്രറി
- ജൈവ വൈവിധ്യ ഉദ്യാനം
- കുടിവെള്ള സൗകര്യം
- പഠനം രസകരമാക്കാൻ ലാപ്ടോപ്പ്, LCD പ്രൊജക്ടർ, ഇന്റർനെറ്റ് സേവനം പത്രം
- ആവശ്യത്തിന് ടോയ്ലറ്റ് സൗകര്യം
- അടുക്കള
- എല്ലാ ക്ലാസുകളിലും waste bin ക്രമീകരിച്ചിരിക്കുന്നു
- എല്ലാ ക്ലാസിലും തീമാറ്റിക് ലൈബ്രറി
- പ്രീ പ്രൈമറി ക്ലാസ് റൂം [വിവിധ ഇടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു]
- ടെലിവിഷൻ സൗകര്യം - [pre primary]

# പൊതുലക്ഷ്യങ്ങൾ

* വിദ്യാലയം 'മികവിന്റെ കേന്ദ്രം' ആക്കി മാറ്റുക
* വിദ്യാർത്ഥികളുടെ എണ്ണം കൂട്ടുക
* പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. ഉറപ്പാക്കുക.
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിജയകരമായി നടപ്പാക്കണം

# ജൈവ വൈവിധ്യ ഉദ്യാനം

വിവിധ ഔഷധ സസ്യങ്ങൾ, താമരക്കുളം വലുതും ചെറുതുമായ ധാരാളം വൃക്ഷങ്ങൾ എന്നിവ അടങ്ങിയ ജൈവ വൈവിധ്യ ഉദ്യാനം സ്കൂളിന്റെ ഭാഗമാണ്.

കുട്ടികളുടെ ശാരീരികം,മാനസികം പേശിവികസനം എന്നിവയ്ക്ക് സഹായിക്കുന്ന വർണ്ണക്കൂടാരവും സ്കൂളിന്റെ ഭാഗമാണ്. ധാരാളം പൂച്ചെടികളും സ്കൂൾ മുറ്റത്തും പരിസരത്തുമുണ്ട്. വിവിധ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേകിച്ചും പരിസര പഠന ക്ലാസുകളിൽ കുട്ടികൾ പഠിക്കുന്ന വിവിധ സസ്യങ്ങൾ ജൈവ വൈവിധ്യ ഉദ്യാനത്തിലുണ്ട്.

മേഖല : അക്കാദമികം   ക്ലാസ് 1-4 വരെ
ഉപമേഖല : ഇംഗ്ലീഷ്, മലയാളം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനവസരമൊരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം, ഇംഗ്ലീഷ് വാർത്ത കേൾപ്പിക്കൽ | once in a week<br>എല്ലാ ദിവസവും | SRG ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| 2 | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | Let's talk പ്രതിഭാധനരുമായി സംവദിക്കൽ, ഇംഗ്ലീഷ് അസംബ്ലി ബാലസഭ | once in a month ② once in a week | SRG ക്ലാസ് ടീച്ചർ പി ടി എ | |
| 3 | വായന- ആശയമറിഞ്ഞും ഒഴുക്കോടെയും വായന | ക്ലാസ് ലൈബ്രറി വികസനം ബാല പ്രസിദ്ധീകരണങ്ങളുടെ വായന വായന മത്സരം സംഘടിപ്പിക്കൽ | June to March | SRG ക്ലാസ് ടീച്ചർ | |
| 4 | സർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കുന്നു. | | | |
| 5 | വായന പരിപോഷണം | English റീഡിംഗ് കോർണർ ഒരുക്കൽ വായന വേദി ഒരുക്കൽ | Twice in a week | SRG ക്ലാസ് ടീച്ചർ | |
| 6 | കുട്ടികൾ ആർജ്ജിച്ച നേട്ടങ്ങളുടെ പ്രകടനം | ഇംഗ്ലീഷ് ഫെസ്റ്റ്, വിവിധ മത്സരങ്ങൾ | PTA SRG CLASS TR MARCH | PTA, SRG CLASS TR. | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | വിവിധ രൂപങ്ങൾ തിരിച്ചറിയൽ, അവയുടെ സവിശേഷത തിരിച്ചറിയൽ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് രൂപങ്ങൾ നിർമിക്കൽ □△○ | ജൂൺ | SRG CLASS TR. | SRG |
| 2 | സംഖ്യകൾ തിരിച്ചറിയൽ എണ്ണം എന്നാശയം രൂപീകരിക്കൽ സംഖ്യാബോധം | വസ്തുക്കൾ എണ്ണിയെടുക്കൽ ചിത്രങ്ങൾ നോക്കി എണ്ണം പറയൽ സംഖ്യ പരിചയപ്പെടൽ (ചെറിയ ക്ലാസുകളിൽ) വലുത്, ചെറുത്, സ്ഥാനവില, കൂട്ടൽ, കുറവ് ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | " " | " |
| 3 | അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ. | | " |
| 4 | വ്യത്യസ്ത അളവുകൾ, തൂക്കം, സമയം, ദൂരം എന്നിവയിലുള്ള ആശയങ്ങൾ ഉറപ്പിക്കൽ | നിത്യജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. | | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസര പഠനം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കുക | സ്കൂൾ പരിസരം വൃത്തിയാക്കൽ, ചെടി നനയ്ക്കൽ ജൈവ അജൈവ മാലിന്യങ്ങൾ കൃത്യ സ്ഥലത്ത് നിക്ഷേപിക്കൽ, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട രചനാ പ്രവർത്തനങ്ങളിലേർപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ | PTA<br>SRG<br>CLASS TR.<br>Students |
| 2 | നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക | വിഷയവുമായി ബന്ധപ്പെട്ട skit, mime വീഡിയോകൾ, ആരോഗ്യ ബോധവത്കരണ ക്ലാസുകൾ, ചിത്രരചന, സുംബാ ഡാൻസ്, വ്യായാമങ്ങൾ, യോഗ | ജൂൺ മാർച്ച് | PTA<br>SMC<br>SRG<br>TEACHERS |
| 3 | നല്ല ആഹാര ശീലങ്ങൾ വളർത്തുക | നല്ല ആഹാരങ്ങൾ കഴിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ബോധവത്കരണ ക്ലാസ്, വ്യത്യസ്ത ആഹാരങ്ങൾ പരിചയപ്പെടൽ Food fest സംഘടിപ്പിക്കൽ, രുചി അനുഭവം പങ്കുവയ്ക്കൽ. | | |

|  | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |  |
|---|---|---|---|---|---|
| 4 | റോഡ് നിയമങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുക | വിഷയവുമായി ബന്ധപ്പെട്ട സർഗാത്മക പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുക സ്കിറ്റ്, മൈം, ബോധവത്കരണ പ്രവർത്തനങ്ങൾ, വിവിധ ക്ലാസുകൾ സംഘടിപ്പിക്കൽ, പഠനോത്സവത്തിൽ ഇത്തരം ആശയങ്ങൾ അവതരിപ്പിക്കൽ | ജൂൺ മാർച്ച് | CLASS TR<br>SRG<br>SMC<br>CLASS TR. |  |
| 5 | ദിനാചരണങ്ങൾ | വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ കൂടാതെ പ്രകൃതി നടത്തം പോലുള്ളവ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് |  |  |

# മോണിറ്ററിംഗ്

അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ഹെഡ്മിസ്ട്രസ്, എ ഇ ഒ തുടങ്ങിയ മേലധികാരികൾ നടത്തുന്നുണ്ട്. മുനിസിപ്പാലിറ്റി മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ മേൽനോട്ടം നടത്താറുണ്ട്. അക്കാദമിക മോണിറ്ററിംഗ് ശക്തമാക്കുന്നതിനായി സമഗ്ര പോർട്ടൽ മുഖേന പ്രവർത്തനങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്.

സ്കൂൾ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് പി ടി എ, എം പി ടി എ മുഖേന നടക്കുന്നുണ്ട്.

# ഉപസംഹാരം

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്റ്റാർസ് പദ്ധതി പ്രകാരം വർണ്ണക്കൂടാരം നിർമ്മിച്ചു. കൂടാതെ അടുക്കള നവീകരണത്തിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

അക്കാദമിക മോണിറ്ററിംഗും ശക്തമായി നടക്കുന്നുണ്ട്. അങ്ങനെ അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വരും വർഷങ്ങളിൽ സ്കൂൾ മികവിന്റെ കേന്ദ്രമായി മാറുകയും അതുവഴി കുട്ടികളുടെ എണ്ണം ഉയരുകയും നാടിന് വെളിച്ചമായി മാറുകയും ചെയ്യും.